ADFACTORS PR
Knowledge-driven communications

| Published Date: | 1 Nov 2018 | Publication: | Malayala Manorama (Malayalam) |
| --- | --- | --- | --- |
| Edition: | Kochi | Page No: | 4 |
| MAV/CCM: | 117819/30.21 | Circulation: | 360912 |



ടിസിഎസ് ഐടി വിസ് ക്വിസ് മൽസരത്തിൽ വിജയികളായ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ- അർജുൻ സുനിൽ എന്നിവർക്കു കൊച്ചി മെട്രോ മാനേജിങ് ഡയറക്ടർ മുഹമ്മദ് ഹനീഷ് സമ്മാനം നൽകുന്നു. ക്വിസ് മാസ്റ്റർ ഗിരി ബാലസുബ്രഹ്മണ്യം, ടിസിഎസ് കേരള ഡെലിവറി സെന്റർ മേധാവിയും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പി എന്നിവർ സമീപം.

# ടിസിഎസ് ക്വിസ് മൽസര വിജയികൾ

കൊച്ചി • പ്രമുഖ ഐടി കമ്പനിയായ ടാറ്റ കൺസൾറ്റൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിക്കുന്ന ഇന്റർ സ്കൂൾ ക്വിസ് മൽസരമായ ടിസിഎസ് ഐടി വിസിൽ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവർ ജേതാക്കളായി. എളമക്കര ഭവൻസ് വിദ്യാമന്ദിർ സ്കൂളിലെ ആനന്ദ്, കൃഷ്ണ രാജ്മോഹൻ ടീമിനാണു രണ്ടാം സ്ഥാനം.

അഞ്ഞൂറിലേറെ ടീമുകൾ പങ്കെടുത്തു. ആലപ്പുഴ, കോയമ്പത്തൂർ, കണ്ണൂർ, കോട്ടയം, തൃശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളും മത്സരത്തിലുണ്ടായിരുന്നു. വിജയികൾക്ക് കൊച്ചി മെട്രോ മാനേജിങ് ഡയറക്ടർ മുഹമ്മദ് ഹനീഷ്, ടിസിഎസ് കേരള ഡെലിവറി സെന്റർ മേധാവിയും വൈസ് പ്രസിഡന്റുമായ ദിനേശ് പി. തമ്പി എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു.

വിജയികൾ 25ന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനൽ മത്സരത്തിൽ പങ്കെടുക്കും. അഹമ്മദാബാദ്, ബെംഗളൂരു, ചെന്നൈ, ഹൈദരാബാദ്, കൊൽക്കൊത്ത, ഇൻഡോർ, നാഗ്പുർ, ഭുവനേശ്വർ, കൊച്ചി, ഡൽഹി, മുംബൈ, പുണെ എന്നിങ്ങനെ 12 നഗരങ്ങളിലാണ് ടിസിഎസ് ക്വിസ് സംഘടിപ്പിച്ചത്.